## ജലവിഭവ വകുപ്പിന്റെ ആധുനികവൽക്കരണം

144(5591) ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ?

പൊതുമേഖലാ സ്ഥാപനമായ K.I.I.D.C.-യിൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഇ-ഓഫീസ്, ബയോമെട്രിക് പഞ്ചിംഗ്, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പ്രൈസ് സോഫ്റ്റ്‌വെയർ, കെ.ഐ.ഐ.ഡി.സി. വെബ്സൈറ്റ് വഴി സംസ്ഥാനത്തുടനീളമുള്ള പ്രവൃത്തികളുടെ ദൈനംദിന/പ്രതിവാര നിരീക്ഷണം തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനം വഴി ഫയലുകൾ വേഗത്തിൽ കൈകാര്യം ചെയ്യുവാനും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം, ദൈനംദിന/പ്രതിവാര നിരീക്ഷണം എന്നിവ വഴി ജീവനക്കാരുടെ ഉത്തരവാദിത്വം വർദ്ധിപ്പിക്കുവാനും സാധിക്കുന്നു. ബില്ലുകളുടെ കൈകാര്യം സുഗമമാകാൻ വേണ്ടി ഇ-എംബുക്ക് സംവിധാനം നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ചീഫ് എഞ്ചിനീയർ, മെക്കാനിക്കൽ വിഭാഗത്തിൽ എസ്റ്റിമേറ്റുകൾ PRICE സോഫ്റ്റ്‌വെയറിലാണ് തയ്യാറാക്കുന്നത്. കേരള ജലഅതോറിറ്റി, ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 1 കാര്യാലയങ്ങൾക്കുകീഴിൽ വിവിധ പദ്ധതികളിലായി നടന്നുവരുന്ന ആധുനികവൽക്കരണ നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. ഭൂജലവകുപ്പിൽ ഉപയോഗിച്ചു വരുന്ന കുഴൽക്കിണർ നിർമ്മാണ മെഷീനറികൾ പഴക്കം ചെന്നവയാണ്. ഇവ മാറ്റി പുതിയതും ആധുനികവുമായ കുഴൽക്കിണർ നിർമ്മാണ മെഷീനറികൾ വാങ്ങുന്നതിനായുള്ള നടപടികൾ, ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ ഓൺലൈൻ ആക്കുവാനുള്ള നടപടികൾ, ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുവാനുള്ള നടപടികൾ എന്നിവ സ്വീകരിച്ചുവരുന്നു. ഭരണ പരിഷ്കരണത്തിനും നവീകരണത്തിനുമായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പൊതുപദ്ധതികളായ e-office, സ്പാർക്ക്, ഇ-ടെൻഡർ, EMLI, BIMS, BAMS, PRISM തുടങ്ങിയ സംവിധാനങ്ങൾ നടപ്പിലാക്കിയതിനുപുറമെ ജലസേചന വകുപ്പിന്റെ പ്രവർത്തനങ്ങളെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി വാർഷിക പദ്ധതി അവലോകനത്തിനുള്ള ഓൺലൈൻ സംവിധാനവും വകുപ്പിന്റെ മറ്റ് പ്രവർത്തനങ്ങളുടെ Web based Monitoring and Dissemination സംവിധാനവും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്തി വെബ്സൈറ്റ് പുനർരൂപകല്പന ചെയ്തിട്ടുണ്ട്. e-Monit പ്രോജക്ടുകളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനം HR Monitoring- ജീവനക്കാരുടെ വിവരങ്ങൾ ക്രോഡീകരിച്ച് മാനവശേഷിയെ ഫലപ്രദമായി വിനിയോഗിക്കുന്നതിന് സഹായകരമാകുന്ന ഓൺലൈൻ സംവിധാനം, നേരിട്ട് നൽകിവരുന്ന സേവനങ്ങൾ ഓൺലൈനായി നൽകുന്നതിന് NIC-യുടെ സഹായത്തോടെ software എന്നിവ വികസിപ്പിച്ചുവരുന്നു. ഇവയ്ക്കുപുറമെ എഞ്ചിനീയറിംഗ് വകുപ്പുകളുടെ Project Preparation, Estimation, Costing and Evaluation എന്നിവ നിർവഹിക്കുന്നതിനുള്ള PRICE Software നടപ്പിലാക്കിവരുന്നു. COVID വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ വകുപ്പിലെ വിവിധ ഓഫീസുകളിൽ IT Infrastructure മെച്ചപ്പെടുത്തുന്നതിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കുകയും Online Virtual Meeting സംവിധാനം നടപ്പിലാക്കുകയും ചെയ്തു.

(ബി) എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കാനും സമയബന്ധിതമായി പൂർത്തീകരിക്കാനും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ മുഴുവൻ കുടുംബങ്ങൾക്കും 2024-ഓടുകൂടി കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ ജൽജീവൻ മിഷൻ ആരംഭിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി, കെ.ആർ.ഡബ്ല്യു.എസ്.എ, ഭൂജലവകുപ്പ് എന്നീ ഏജൻസികൾ മുഖേനയാണ് സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്. ടി പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. കുഴൽക്കിണർ അടിസ്ഥാനത്തിലുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ നടപ്പിലാക്കിവരുന്നു. കൂടാതെ ജൽജീവൻ പദ്ധതിയിൻകീഴിൽ Functional Household Tap Connection (FHTC) നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) തിരക്കേറിയ നഗരങ്ങളിലും പാതയോരങ്ങളിലും ശുദ്ധജലം സൗജന്യമായി എത്തിക്കുന്നതിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കുമോ; വ്യക്തമാക്കുമോ?

തിരക്കേറിയ നഗരങ്ങളിലും പാതയോരങ്ങളിലും ശുദ്ധജലം സൗജന്യമായി എത്തിക്കുന്നതിനായി പൊതുടാപ്പുകൾ കേരള ജല അതോറിറ്റി തദ്ദേശസ്വയംഭരണ സ്ഥാപന സഹായത്തോടെ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ അത്യാവശ്യ ഘട്ടങ്ങളിൽ വാട്ടർ കിയോസ്കുകളും ആർ.ഒ. പ്ലാന്റുകളും സ്ഥാപിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly